"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ആഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി . ഷാനി കെ . വി യുടെ ഭർത്താവിന്റെ കരൾമാറ്റ ശസ്ത്രക്രിയ്ക്ക് എറണാകുളം ലേക്ക്ഷോർ ആശുപത്രിയിൽ ചികിൽസ നടത്തുന്നതിന് 23,00,000/- രൂപ പലിശരഹിത വായ്പ അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

G.O.(Rt) No.1830/2021/LSGD തീയതി,തിരുവനന്തപുരം, 23/09/2021

---

പരാമർശം:- 1 സർക്കുലർ നം. 40658/G2/85/H&FWD തീയതി 18/10/1985.

2 18/02/1997 ലെ സഉ(പി) നമ്പർ 45/97/ആകുവ നമ്പർ ഉത്തരവ്.

3 02/11/2000 ലെ സഉ(പി) നമ്പർ 285/2000/ആകുവ നമ്പർ ഉത്തരവ്.

4 20/11/2001 ലെ സഉ(പി) നമ്പർ 298/2001/ആകുവ നമ്പർ ഉത്തരവ്.

5 26/07/2021ലെ ശ്രീമതി . ഷാനി കെ . വി യുടെ അപേക്ഷ.

6 പഞ്ചായത്ത് ഡയറക്ടറുടെ 12/08/2021-ലെ PAN/8749/2021/ F2-(DP) - നമ്പർ കത്ത്.

ഉത്തരവ്

4/10

ആലപ്പുഴ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ആഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി . ഷാനി കെ . വി യുടെ (ജനനത്തീയതി 15/03/1983 Permanent Employee Number- 819189) ഭർത്താവിന്റെ കരൾമാറ്റ ശസ്ത്രക്രിയ എറണാകുളം ലേക്ക്ഷോർ ആശുപത്രിയിൽ നടത്തുന്നതിന് 23,00,000/-രൂപ പലിശരഹിത വായ്പ അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആലപ്പുഴ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ആഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി . ഷാനി കെ . വി യുടെ ഭർത്താവിന്റെ കരൾമാറ്റ ശസ്ത്രക്രിയ എറണാകുളം ലേക്ക്ഷോർ ആശുപത്രിയിൽ നടത്തുന്നതിന് 23,00,000/-രൂപ (രൂപ ഇരുപത്തി മൂന്ന് ലക്ഷം മാത്രം) പരാമർശം ഒന്നു മുതൽ നാല് വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായും സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പലിശരഹിത ചികിത്സാ വായ്പയായി അനുവദിക്കുന്ന 23,00,000/- രൂപ (രൂപ ഇരുപത്തി മൂന്ന് ലക്ഷം മാത്രം) ശ്രീമതി. ഷാനി കെ.വി സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയിമിൽ

ക്രമപ്പെടുത്തേണ്ടതാണ്.

2. എറണാകുളം ലേക്ക്ഷോർ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, തുക പിൻവലിക്കുന്ന തീയതി മുതൽ 3 മാസത്തിനുള്ളിൽ സർക്കാരിൽ ഹാജരാക്കേണ്ടതും, 6 മാസത്തിനുള്ളിൽ പ്രസ്തുത തുക ക്രമപ്പെടുത്തേണ്ടതും അല്ലാത്തപക്ഷം 12% പിഴപ്പലിശ ഈടാക്കുന്നതുമാണ്.

3. പ്രസ്തുത പലിശരഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ച് പിടിക്കേണ്ടതും വായ്പക്കാരിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ് .

4. ശ്രീമതി. ഷാനി കെ. വി യുടെ സേവനപുസ്തകത്തിൽ പലിശരഹിത വായ്പയുടെ തുക, നമ്പർ, സർക്കാർ ഉത്തരവ് നമ്പരും തീയതിയും, കണ്ടിജന്റ് ബിൽ നമ്പർ, തുക പിൻവലിച്ച തീയതി മുതലായവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

5. പലിശരഹിത വായ്പ തുക പിൻവലിച്ച ട്രഷറിയുടെ പേര്, തുക പിൻവലിച്ച തീയതി എന്നിവ ഒരാഴ്ചയ്ക്കുള്ളിൽ സർക്കാരിൽ അറിയിക്കേണ്ടതാണ്.

6. പലിശരഹിത വായ്പ ക്യാൻസൽ ചെയ്യുകയോ, തുക പിൻവലിക്കാതിരിക്കുകയോ ചെയ്താൽ ആ വിവരം സർക്കാരിനെ അറിയിക്കേണ്ടതാണ്.

7. അനുവദിക്കുന്ന 23,00,000/- രൂപയിൽ ഉപയോഗിക്കാത്ത തുക തിരികെ അടയ്ക്കേണ്ടതാണ്.

8. പ്രസ്തുത തുക '7610-00-800-95(02)-IFMA' എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Shija C G
Deputy Secretary

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ആലപ്പുഴ .

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി . ഷാനി കെ . വി,സീനിയർ ക്ലാർക്ക്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, ആലപ്പുഴ ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ) കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്(G2/1149/2021/H&FWD dated 18.08.2021).

ധനകാര്യ വകുപ്പ് (1846302-L3/256/2021-FIN dated 09/09/2021)

ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ്,(വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. ഇ.പി.എ3/97/2021/തസ്വഭവ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ